**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1396** **01-02-2024 - ൽ മറുപടിയ്ക്ക്**

**നടക്കാവ് ഗവ: ഹയർ സെക്കണ്ടറി സ്കൂളിലെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നടക്കാവ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ കിഫ്ബി ധനസഹായത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കോഴിക്കോട് നടക്കാവ് ഗവ.ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിന് 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. കൂടാതെ പുതുക്കിയ DSR/GST നിരക്ക് പ്രാബല്യത്തിൽ വന്നതോടെ 3.90 കോടി രൂപയായി ഭരണാനുമതി പുതുക്കി നൽകിയിട്ടുണ്ട്.<br><br>DPR തയ്യാറാക്കുന്നതിനായി നിർമ്മാണത്തിനുള്ള സ്ഥലം കില, സന്ദർശിച്ചിരുന്നു. സ്കൂൾ പിടിഎ നിർദ്ദേശിച്ചിരുന്ന സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ സ്ഥലപരിമിതിയുണ്ട്. മാത്രമല്ല, നിർദ്ദിഷ്ട കെട്ടിട നിർമ്മാണസ്ഥലത്ത് നിർമ്മാണ സാമഗ്രികൾ എത്തിക്കാനുള്ള മാർഗ്ഗ തടസ്സവുമുണ്ടായിരുന്നു. പ്രസ്തുത സ്ഥലം KMBR പ്രകാരം നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിന് കോഴിക്കോട് കോർപ്പറേഷന് സ്കൂൾ അധികൃതർ അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നിർമ്മാണപ്രവർത്തനങ്ങളുടെ അവലോകനം നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ച ചേർത്ത യോഗത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചിരുന്നു. തുടർന്ന് പുതിയ പ്രൊപ്പോസൽ സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് കോർപ്പറേഷൻ, വിദ്യാഭ്യാസവകുപ്പ്, ബന്ധപ്പെട്ട എം.എൽ.എ എന്നിവരുടെ സാന്നിധ്യത്തിൽ ജില്ലാ കളക്ടറോട് ഒരു യോഗം വിളിച്ച ചേർക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ